**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3038** **10-03-2025 - ൽ മറുപടിയ്ക്ക്**

**പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ പുലിമുട്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി-പാലക്കോട് അഴിമുഖത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയുള്ള പുലിമുട്ട് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) | നിലവിൽ ആകെ പ്രവൃത്തിയുടെ 44% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കോട് ഭാഗത്തെ നോർത്ത് ബ്രേക്ക് വാട്ടറിന്റെ ചെയിനേജ് 0 മുതൽ 100 മീറ്റർ വരെയുള്ള പ്രവൃത്തികൾ പൂർണ്ണമായും, 100 മീറ്റർ മുതൽ 280 മീറ്റർ വരെയുള്ള പ്രവൃത്തികൾ ഭാഗികമായും പൂർത്തീകരിച്ചു. ചൂട്ടാട് ഭാഗത്ത് സൗത്ത് ബ്രേക്ക് വാട്ടറിന്റെ പ്രവൃത്തി ചെയിനേജ് 0 മുതൽ 100 മീറ്റർ വരെ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരികാത്ത സാഹചര്യത്തിൽ കരാറുകാരന് 15/02/2025 വരെ സമയം ദീർഘിപ്പിച്ചു നൽകിയെങ്കിലും ഈ കാലയളവിലും പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ കരാറുകാരനെ 03/03/2025 ൽ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനർ ഏർപ്പാടാക്കി ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ